"ഒരേഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- തിരുവനന്തപുരം, നഗരസഭയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന - ഇ-11 സെക്ഷനിൽ സീനിയർ ക്ലർക്കായിരുന്ന ശ്രീ.ക്രിസ്റ്റലനെതിരായി ആരംഭിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്

സ.ഉ.(സാധാ) നം.2177/2022/LSGD തീയതി,തിരുവനന്തപുരം, 03-09-2022

പരാമർശം:-

1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 04.02.2016 തീയതിയിലെ ഇ1(എസ്.സി.40/15/എസ്.ആർ.റ്റി.) 32863/2015 നമ്പർ കത്ത്
2. 06.06.2017തീയതിയിലെ ഇയു2-162/2016-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ/പത്രിക
3. നഗരകാര്യ ഡയറക്ടറുടെ 26.08.2022 തീയതിയിലെ ഡി.യു.എ/8582/2022/വി1 -നമ്പർ കത്ത്.

ഉത്തരവ്

അനധികൃത നിർമ്മാണം സംബന്ധിച്ച ശ്രീമതി.പി. അജിതകുമാരിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 19.11.2015- ൽ തിരുവനന്തപുരം നഗരസഭയിൽ നടത്തിയ പരിശോധനയിൽ തിരുവനന്തപുരം നഗരസഭയിൽ വഞ്ചിയൂർ വാർഡിൽ താമസിക്കുന്ന ശ്രീമതി.അജിതകുമാരിയുടെ വീടിനോട് ചേർന്ന് മോൻസി എന്നയാൾ അനധികൃത നിർമ്മാണം നടത്തി വരുന്നതുമായി ബന്ധപ്പെട്ടുള്ള E11-85667/15-നമ്പർ പരാതിയിന്മേൽ രണ്ടുമാസമായിട്ടും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലാത്തതായും ആയതിന് ടി നഗരസഭയിൽ ഇ-11 സെക്ഷനിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ക്രിസ്റ്റലൻ ഉത്തരവാദിയാണെന്നും കണ്ടെത്തിയിരുന്നു. ആയതിന്റെയടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച്, പ്രസ്തുത ക്രമക്കേടിന് ശ്രീ.ക്രിസ്റ്റലനെതിരായി അച്ചടക്ക നടപടി സ്വീകരിച്ചതിന്റെ ഭാഗമായി പരാമർശം 2 പ്രകാരം കുറ്റാരോപണമെമ്മോ/ പത്രിക നൽകിയിരുന്നു.

2. കുറ്റാരോപണമെമ്മോ/പത്രികയ്ക്ക് ശ്രീ.ക്രിസ്റ്റലൻ നൽകിയ മറുപടിപ്രകാരം, അജിതകുമാരി സമർപ്പിച്ച പരാതിയിന്മേൽ സ്ഥലപരിശോധന നടത്തി സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളതാണെന്നും ടി പരാതി തപാൽ മുഖാന്തിരം ലഭിക്കുകയും ഫയൽ നമ്പർ രേഖപ്പെടുത്തി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് അസിസ്റ്റന്റ് എൻജിനീയർ മുഖാന്തിരം ബന്ധപ്പെട്ട ഓവർസിയർക്ക് നൽകിയിരുന്നു എന്നും തുടർന്ന് ഓവർസിയർ സ്ഥലപരിശോധന നടത്തി തുടർനടപടിക്കുള്ള റിപ്പോർട്ട് അസിസ്റ്റന്റ് എൻജിനീയർ മുഖാന്തിരം ലഭ്യമാക്കുകയും ആയതിനെ തുടർന്ന് എതിർകക്ഷിക്ക് നോട്ടീസ് അയച്ചിട്ടുള്ളതാണ് എന്നും

എന്നാൽ ആയതിനുള്ള മറുപടി കക്ഷി നൽകിയിട്ടില്ല എന്നും പരാതിക്കാരൻ നേരിലോ തുടർനടപടി എടുക്കുവാനോ ആവശ്യപ്പെട്ടിട്ടില്ലായെന്നും ടി വാർഡിന്റെ ചുമതലയുള്ള ഫീൽഡ് സ്റ്റാഫോ ഓവർസിയറോ അനധികൃത നിർമ്മാണം പരിഹരിച്ചിട്ടുണ്ടെന്ന് അസിസ്റ്റന്റ് എൻജിനീയർ മുഖാന്തിരം റിപ്പോർട്ട് നൽകുകയോ തുടർന്നുള്ള സ്ഥല പരിശോധന നടത്തുന്നതിനും അനധികൃത നിർമ്മാണങ്ങൾ പരിഹരിക്കാത്ത പക്ഷം നടപടി സ്വീകരിക്കുന്നതിന് ടി പരാതിയുടെ ഫയൽ സെക്ഷനിൽ നിന്നും ബന്ധപ്പെട്ട ഓവർസിയറോ അസിസ്റ്റന്റ് എൻജിനീയറോ രേഖാമൂലം ആവശ്യപ്പെട്ടിരുന്നില്ല എന്നും അറിയിച്ചിരുന്നു.

3. ശ്രീ.ക്രിസ്റ്റലൻ കൈകാര്യം ചെയ്തിരുന്ന ഇ-11 സെക്ഷനിൽ അഞ്ചു വാർഡുകളുടെ വിവിധ പരാതികൾ, കേസുകൾ, പൗരാവകാശ രേഖകൾ, പെർമിറ്റ്, ഒക്കുപെൻസി സർട്ടിഫിക്കറ്റ്, ക്രമവൽക്കരണ അപേക്ഷകൾ, പ്രോജക്ട് വർക്കുകൾ എന്നീ വിവിധ ജോലികൾ കൈകാര്യം ചെയ്യുന്നതും നഗരസഭയിലെ ഏറ്റവും തിരക്കുള്ളതും ഏറ്റവും കൂടുതൽ തപാൽ കൈകാര്യം ചെയ്യുകയും വളരെയധികം ജോലിഭാരം ഉള്ള സെക്ഷൻ ആണെന്നും എന്നിരുന്നാലും സ്ഥലപരിശോധന നടത്തുവാനുള്ള ഓവർസിയറോ അസിസ്റ്റന്റ് എൻജിനീയറോ തുടർന്ന് റിപ്പോർട്ട് നൽകാത്തതിനാലും ബന്ധപ്പെട്ട പരാതിയുടെ ഫയൽ ആവശ്യപ്പെടാത്തതിനാലുമാണ് ടി ഫയൽ ശ്രദ്ധയിൽപ്പെടാത്തതെന്നും ടി ഫയലിന്മേൽ കാലതാമസം വരുത്തിയിട്ടില്ലാത്തതാണെന്നും ആയതിനാൽ തുടർനടപടികളിൽ നിന്നും ടിയാനെ ഒഴിവാക്കണമെന്നും അപേക്ഷിച്ചിരുന്നു.

4. ശ്രീ.ക്രിസ്റ്റലനെതിരായ അച്ചടക്ക നടപടിയുടെ ഭാഗമായി ടിയാന് നൽകിയ മെമ്മോയ്ക്ക് സമർപ്പിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ കൊല്ലം മേഖലാ ജോയിന്റ് ഡയറക്ടർ നടത്തിയ അന്വേഷണ റിപ്പോർട്ട് പ്രകാരം ശ്രീ.ക്രിസ്റ്റലനെതിരായ അച്ചടക്ക നടപടി സംബന്ധിച്ച് തിരുവനന്തപുരം നഗരസഭാ സെക്രട്ടറി ലഭ്യമാക്കിയ റിപ്പോർട്ടിൽ ഇ11-85667/15 നമ്പർ പരാതിയിൽ എതിർകക്ഷിക്ക് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളതായും എന്നാൽ ആയതിന് എതിർകക്ഷി മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതാണെന്നും ശ്രീ.ക്രിസ്റ്റലനെതിരായ അച്ചടക്ക നടപടിയുടെ ഭാഗമായി ടിയാനെ 13/06/2019 ന് നേരിൽ കേട്ടതായും കുറ്റാരോപണ മെമ്മോയ്ക്ക് നൽകിയിട്ടുള്ള മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങൾ തന്നെയാണ് നേരിൽ ഹാജരായി സമർപ്പിച്ചിട്ടുള്ളത് എന്നും ടി മറുപടി തൃപ്തികരമാണെന്നും ആയതിനാൽ ടിയാനെ തുടർനടപടികളിൽ നിന്ന് ഒഴിവാക്കാവുന്നതാണെന്നും തിരുവനന്തപുരം നഗരസഭ അഡീഷണൽ സെക്രട്ടറി ശിപാർശ ചെയ്തിരിക്കുന്നതായും കൊല്ലം മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

5. നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 3 റിപ്പോർട്ട് പ്രകാരം ശ്രീ.ക്രിസ്റ്റലന്റെ മറുപടി, കൊല്ലം മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ട് എന്നിവ പരിഗണിച്ചും പരാതി നൽകിയ വ്യക്തി തുടർ നടപടി ആവശ്യപ്പെട്ടിട്ടില്ല എന്ന വസ്തുത പരിഗണിച്ചും ശ്രീ.ക്രിസ്റ്റലനെതിരായ അച്ചടക്ക നടപടിയിൻമേൽ ഉചിതമായ തീരുമാനം സർക്കാർ തലത്തിൽ തീരുമാനിക്കാവുന്നതാണെന്ന് അറിയിച്ചിരുന്നു.

6. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണമെമ്മോയിന്മേലുള്ള മറുപടി, ഇക്കാര്യത്തിലുള്ള കൊല്ലം മേഖലാ ജോയിന്റ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട്, നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് എന്നിവ പ്രകാരം പരിശോധിച്ചതിൽ അനധികൃത നിർമ്മാണം സംബന്ധിച്ച പരാതിയിന്മേൽ തീർപ്പ് കൽപ്പിച്ചിട്ടില്ല എന്ന ആരോപണത്തിന് സീനിയർ ക്ലർക്ക് ശ്രീ.ക്രിസ്റ്റലന്റെ മറുപടി വസ്തുതാപരമാണെന്ന് കാണുന്നു. ഇക്കാര്യത്തിൽ ടിയാൻ മനപൂർവ്വമായി വീഴ്ച വരുത്തിയതായും കാണുന്നില്ല.

7. മേൽ സാഹചര്യത്തിൽ കൊല്ലം മേഖലാ ജോയിന്റ് ഡയറക്ടർ നടത്തിയ അന്വേഷണ റിപ്പോർട്ട്, നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് എന്നിവ പരിഗണിച്ച്, വിജിലൻസ് റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭയിൽ ഇ-11 സെക്ഷനിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ക്രിസ്റ്റലനെതിരായി ആരംഭിച്ച അച്ചടക്ക നടപടിയിൽ തുടർനടപടി ഒഴിവാക്കി ടിയാനെതിരായ അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ.ക്രിസ്റ്റലൻ, ഇ-11 സെക്ഷൻ ക്ലർക്ക്, തിരുവനന്തപുരം നഗരസഭ (നഗരകാര്യഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Sonu Jacob
Date: 03-09-2022 13:59:55
സെക്ഷൻ ഓഫീസർ